# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 383 — 27.02.2017 — ൽ മറുപടിക്ക്

## റേഷൻ സമ്പ്രദായം കുറ്റമറ്റതാക്കാനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

(എ) സംസ്ഥാനത്ത് എത്ര റീട്ടെയിൽ റേഷൻ ഡീലർമാരാണുള്ളത് ; റേഷൻ കടകൾ വഴി എന്തൊക്കെ സാധനങ്ങളാണ് കാർഡ് ഉടമകൾക്ക് വിതരണം ചെയ്തു വരുന്നത്; ഈ ഓരോ വസ്തുക്കൾക്കും കാർഡുടമകൾ നല്കേണ്ട വില കാർഡ് ഉടമകളുടെ തരംതിരിവനുസരിച്ച് ഈടാക്കുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) എ.പി.എൽ/ബി.പി.എൽ ഉൾപ്പെടെ ഓരോ വിഭാഗത്തിനും അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ് വ്യക്തമാക്കുമോ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും സംസ്ഥാനത്ത് നിലവിൽ 14335 റീട്ടെയിൽ റേഷൻ ഡീലർമാരാണുള്ളത്. എ.പി.എൽ ബി.പി.എൽ ഉൾപ്പെടെ ഓരോ വിഭാഗത്തിനും റേഷൻ കടകൾ വഴിയുള്ള റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഒരോ വിഭാഗങ്ങൾക്കുമുള്ള വിതരണക്രമം | | | |
|---|---|---|---|---|
| | എ.എ.വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം **(priority)** | മുൻഗണനേതര വിഭാഗം (സബ്സിഡി) **NP(S)** | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) **NP(NS)** |
| അരി | 28 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ | അരിയും ഗോതമ്പുമുൾപ്പെടെ 6 കി.ഗ്രാം (ഒരു കാർഡിന്) / അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും |
| ഗോതമ്പ് | 7 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | ഇല്ല | |
| പഞ്ചസാര | ഒരംഗത്തിന് 250 ഗ്രാം വീതം കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ | | ഇല്ല | ഇല്ല |
| മണ്ണെണ്ണ | വൈദ്യുതീകരിച്ച വീട്ടിലെ കാർഡിന് 1/2 ലിറ്ററും വൈദ്യുതീകരിക്കാത്ത വീട്ടിലെ കാർഡിന് 4 ലിറ്ററും ലിറ്ററിന് 21/- രൂപ നിരക്കിൽ | | | |

| | | | |
|---|---|---|---|
| (സി) | റേഷൻ കടകൾ വഴി വിറ്റഴിക്കുന്ന അരി, ഗോതമ്പ് ഉൾപ്പെടെയുള്ള എല്ലാ സാധനങ്ങൾക്കും നൽകിവരുന്ന കമ്മീഷൻ എത്ര വീതമെന്നും ഇത് എന്നുമുതലാണ് നൽകി വരുന്നത് എന്നും വ്യക്തമാക്കാമോ; | (സി) | <u>റേഷൻ ഡീലേഴ്സ് കമ്മീഷൻ</u><br>അരി, ഗോതമ്പ് എന്നിവ വിട്ടെടുക്കുന്നതിന് സംസ്ഥാനത്തെ റേഷൻ മൊത്ത വ്യാപാരികൾക്ക് ക്വിന്റലിന് പരമാവധി 60 രൂപയും റേഷൻ ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് പരമാവധി 100 രൂപയും 01.01.2015 മുതൽ കമ്മീഷൻ അനുവദിച്ച് വരുന്നു. സോണിന്റെ ദൈർഘ്യത്തിനനുസരിച്ച് കമ്മീഷൻ നിരക്കിൽ നേരിയ വ്യത്യാസം വരുന്നതാണ്.<br><br><u>മണ്ണെണ്ണ</u><br>മണ്ണെണ്ണ മൊത്തവ്യാപാരികളുടെ ഡീലർ കമ്മീഷൻ 20.12.2016 മുതൽ കി.ലിറ്ററിന് 714.18 രൂപയും മണ്ണെണ്ണ റീട്ടെയിൽ വ്യാപാരികളുടെ ഡീലർ കമ്മീഷൻ 01.01.2015 മുതൽ കി.ലിറ്ററിന് 218.75 രൂപയും അനുവദിച്ച് വരുന്നു.<br><br><u>പഞ്ചസാര</u><br>റേഷൻ പഞ്ചസാര വിട്ടെടുക്കുന്നതിന് റീട്ടെയിൽ റേഷൻ ഡീലേഴ്സിന് ക്വിന്റലിന് 15 രൂപ കമ്മീഷൻ അനുവദിച്ച് വരുന്നു. |
| (ഡി) | ജീവിതച്ചിലവിൽ വന്നിട്ടുള്ള വ്യത്യാസത്തിന് അനുസരിച്ച് എല്ലാ മേഖലകളിലും കൂലി വർദ്ധനവും ശമ്പള വർദ്ധനവും നടത്തുമ്പോൾ റേഷൻ കച്ചവടക്കാർക്ക് മാത്രം ഇത് ലഭിക്കാതെ പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | സംസ്ഥാനത്ത് നിലവിലുള്ള റേഷനിംഗ് സമ്പ്രദായം അനുസരിച്ചും, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരവും റേഷൻ കട ഉടമയ്ക്ക് കമ്മീഷൻ/മാർജിൻ എന്ന നിലയിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തെ അടിസ്ഥാനപ്പെടുത്തി പ്രതിഫലം നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. കേരളത്തിലെ റേഷൻ വിതരണത്തെ കുറ്റമറ്റ രീതിയിൽ ആക്കുന്നതിനെ പറ്റി പഠിക്കുവാൻ ശ്രീമതി നിവേദിത പി. ഹരൻ,ഐ.എ.എസ്. നെ അദ്ധ്യക്ഷയാക്കി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ റേഷൻ വ്യാപാരികൾക്ക് നീതി പൂർവ്വമായ കമ്മീഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി 2013 ൽ ഭാരത സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് സംബന്ധിച്ച് പഠിക്കുവാൻ റേഷൻ വ്യാപാരി പ്രതിനിധികൾ, സിവിൽ സപ്ലൈസ് ഡയറക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, തൊഴിൽ വകുപ്പ് പ്രതിനിധി, ഡബ്ല്യൂ.എഫ്.പി. പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | കേരളത്തിലെ റേഷൻ സമ്പ്രദായം കുറ്റമറ്റ രീതി യിൽ നടപ്പാക്കുന്നതിനെ ക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; റേഷൻ ഡീലർമാരുടെ ജീവനോപാധിക്ക് അനുസൃതമായി വേതനവും കമ്മീഷനും നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ